പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *279 — 19.07.2016 ലെ മറുപടിയ്ക്ക്

## ബാങ്ക് അക്കൗണ്ട് വഴി കൃഷി വകുപ്പ് പദ്ധതികളുടെ ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എം. വിൻസെന്റ് | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൃഷി വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴി ലഭിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്; വിശദമാക്കാമോ; | (എ) കർഷക രജിസ്ട്രേഷനും ഇ-പേയ്മെന്റും എന്ന പദ്ധതി പ്രകാരം കർഷകർക്കുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നൽകുന്നു.<br>നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ തയ്യാറാക്കിയ, ഇലക്ട്രോണിക്സ് ബെനിഫിറ്റ് ട്രാൻസ്ഫർ ഫോർ ഗവൺമെന്റ് ഓഫ് കേരള എന്ന സോഫ്റ്റ്‌വെയർ സംവിധാനം ഉപയോഗപ്പെടുത്തി സുതാര്യതയോടെ മാതൃകാപരമായി ഇ-പേയ്മെന്റ് പ്രക്രിയ നടത്തി വരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) സംസ്ഥാനത്തെ എല്ലാ കർഷകരുടേയും, അവരുടെ കൃഷിയെക്കുറിച്ചുള്ള സമഗ്രമായ ഒരു ഓൺലൈൻ ഡേറ്റാബേസ് ഉണ്ടാക്കുകയും ഇതുപയോഗിച്ച് വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പദ്ധതി ആനുകൂല്യങ്ങൾ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നൽകുകയും ചെയ്യുന്നു.<br>കർഷകർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം വരാതിരിക്കാനും, കൃഷി ഉദ്യോഗസ്ഥർക്ക് കൂടുതൽ സമയം കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ ഏർപ്പെടാനും സാധിക്കുന്നു.<br>മൊബൈൽ ഫോൺ ഉള്ള കർഷകർക്ക് സബ്സിഡി തുക അക്കൗണ്ടിലേക്ക് കൈമാറിയ അല്ലെങ്കിൽ തിരസ്കരിക്കപ്പെട്ട വിവരം എസ്.എം.എസ് ആയി അറിയിക്കുവാനുള്ള സംവിധാനവും നിലവിലുണ്ട്. ഇത് തുക ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ സാധിക്കുന്നു. |

മുഴുവൻ സബ്സിഡി തുകയും കോർബാങ്കിങ് അക്കൗണ്ടിലേക്ക് നൽകിയതിന്റെ വിവരങ്ങൾ www.ebt.kerala.gov.in/എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുകൊണ്ട് സബ്സിഡി നൽകിയതിന്റെ മുഴുവൻ വിവരങ്ങളും പൊതുജനങ്ങൾക്കായി പരസ്യപ്പെടുത്തുന്നു.

(സി) ആനുകൂല്യങ്ങൾ ബാങ്ക് വഴി ലഭിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയത്; വിശദീകരിക്കാമോ?

കർഷകർക്ക് സാമ്പത്തിക ആനുകൂല്യം അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് നല്കുന്നതിനായി ബ്ലോക്ക്തല അസിസ്റ്റന്റ് ഡയറക്ടർമാർക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൃഷി ഓഫീസർമാർ നൽകുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഡയറക്ടർമാർ, ഇലക്ട്രോണിക്സ് ബെനിഫിറ്റ് ട്രാൻസ്ഫർ ഫോർ ഗവൺമെന്റ് ഓഫ് കേരള എന്ന സോഫ്റ്റ്‌വെയർ സംവിധാനം ഉപയോഗിച്ച് നേരിട്ട് ഇ-പേയ്മെന്റ് ആയി കർഷകന്റെ അക്കൗണ്ടിലേക്ക് സബ്സിഡി തുക നൽകുന്നു. സംസ്ഥാനത്തൊട്ടാകെ ഇത് നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ തലത്തിൽ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ കേരള, കേരളത്തിലെ വിവിധ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയുടെ പ്രതിനിധികളുടെ യോഗം വിളിക്കുകയും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുകയും ചെയ്യുന്നു. കൃഷി വകുപ്പിന്റെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഇ-പേയ്മെന്റ് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിൽ പരിശീലനം നല്കിയിട്ടുണ്ട്. കർഷകർക്ക് മികച്ച സേവനം ഉറപ്പാക്കുവാനായി റിസർവ് ബാങ്കിന്റെ നിയമങ്ങൾ അനുസരിച്ചുള്ള സർവ്വീസ് ലെവൽ എഗ്രിമെന്റ് ബാങ്കുകളുമായി ഒപ്പുവെച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ